(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഈ വില്ലേജിൽ തീർപ്പാക്കാനുണ്ട്;

(സി) ഇത്തരത്തിൽ ഈ വില്ലേജിലെ തന്നെ നേരത്തെ തീർപ്പാക്കിയ കേസ്സുകൾ, നിയമത്തിലെ ഏതു മാനദണ്ഡമനുസരിച്ചാണ് തീർപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ചെറുകിട, നാമമാത്ര കുടിയാന്മാരായ കൈവശക്കാർ ഈ കേസുകളുടെ പേരിൽ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് ഇവ അടിയന്തിരമായി തീർപ്പാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) .718 എണ്ണം

(സി) കെ.എൽ.ആർ. ആക്ട് സെക്ഷൻ 85(8) പ്രകാരമാണ് തീർപ്പാക്കുന്നത്.

(ഡി) താലൂക്ക്, ലാന്റ് ബോർഡ് മുമ്പാകെയുള്ള കേസുകളിൽ നടപടികൾ പാലിച്ചുകൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിന് തിരൂരങ്ങാടി താലൂക്ക് ലാന്റ് ബോർഡിന്, സെക്രട്ടറി സ്റ്റേറ്റ് ലാന്റ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീ അംഗങ്ങളുടെ മേലുള്ള ജപ്തി ഒഴിവാക്കാൻ നടപടി

138(T.4769) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എള്ളനാട് വില്ലേജിൽ കാർത്തികദീപം, ഗ്രാമദീപം, പുലരി, അക്ഷയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് 2004-ൽ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷിക്ക് 25000 രൂപ വീതം അനുവദിച്ചിട്ടുള്ളതും പ്രതികൂല കാലാവസ്ഥയെ തുടർന്ന് വായ്പകുടിശ്ശിക തിരിച്ചടയ്ക്കുവാൻ കഴിയാത്തതിനാൽ അംഗങ്ങളുടെമേൽ ജപ്തിനടപടികൾ സ്വീകരിച്ചതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ തൊഴിലുറപ്പ് പദ്ധതികൊണ്ട് മാത്രം ഉപജീവനം കഴിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ മേലുള്ള ജപ്തി നടപടികൾ നിറുത്തിവച്ച് കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വളരെ [illegible] ശ്രീ അംഗങ്ങളെ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ നടപടികൾ [illegible]മോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ചേലക്കര മണ്ഡലത്തിലെ എള്ളനാട് വില്ലേജിലെ കാർത്തിക ദീപം, ഗ്രാമദീപം, പുലരി, അക്ഷയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്കെതിരെ മണ്ണ സംരക്ഷണ വിഭാഗം ഓഫീസറുടെ അർത്ഥന പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളതാണ്. ഓരോ യൂണിറ്റിലും 25,000 രൂപ വീതം കുടിശ്ശികയുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കുടിശ്ശിക ഒഴിവാക്കേണ്ടത് അർത്ഥനാധികാരി ആയതിനാൽ ഈ വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

കൊയിലാണ്ടി താലൂക്കിലെ റീ-സർവ്വേ നടപടികളുടെ പുരോഗതി

139(4770) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിൽ നടന്നുവരുന്ന റീ-സർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇനിയും റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്ത വില്ലേജുകൾ ഏതെല്ലാം?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ 36 വില്ലേജുകളിൽ മേപ്പയൂർ വില്ലേജിന്റെ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഇരിങ്ങൽ വില്ലേജിന്റെ റീ-സർവ്വേ ജോലികൾ പുരോഗതിയിലാണ്.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്ത വില്ലേജുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. പച്ചോളി
2. ഉറയൂർ
3. ചെറുവണ്ണൂർ
4. പാലോറി

LIBRARY ARCHIVES Kerala Legislative Assembly